# ക്ലാസ് 5

# അടിസ്ഥാന പാഠാവലി

# “കളിയല്ല കളി”

Composed By : Manoj Vallikunnam

# അടിസ്ഥാന പാഠാവലി

## <u>സമഗ്രാസൂത്രണം</u>

### യൂണിറ്റ് 1
### പാഠം : കളിയല്ല കളി

| നമ്പർ | പഠന പ്രവർത്തനങ്ങളും പ്രക്രിയയും | പഠന ലക്ഷ്യം | പഠനതന്ത്രം | പഠന സാമഗ്രികൾ | ഉൽപ്പന്നം | വിലയിരുത്തൽ | സമയം |
|---|---|---|---|---|---|---|---|
| 1 | കളികളെ കുറിച്ചുള്ള ചർച്ച എല്ലാ കുട്ടികളെയും പങ്കെടുപ്പിച്ചുകൊണ്ട് ഗ്രൂപ്പിൽ ചർച്ച | <u>ആശയം/ധാരണ</u><br>കളികളും കായിക വിനോദങ്ങളും നല്ല ആരോഗ്യ ശീലങ്ങൾ ആണെന്ന് തിരിച്ചറിയുന്നു. | കളികൾ നൽകുന്നു | കവിതാ ശകലങ്ങൾ<br>വീഡിയോ ക്ലിപ്പുകൾ | പതിപ്പ്<br>ചർച്ചാക്കുറിപ്പുകൾ | സ്വയം വിലയിരുത്തൽ<br>പരസ്പരം വിലയിരുത്തൽ<br>ടീച്ചറുടെ വിലയിരുത്തൽ | 40 മിനിറ്റ് |
| 2 | കളികളെക്കുറിച്ചും കായിക വിനോദങ്ങളെക്കുറിച്ചുള്ള നോട്ടീസുകൾ പോസ്റ്ററുകൾ പത്രവാർത്തകൾ തുടങ്ങിയ വ്യവഹാര രൂപങ്ങൾ പരിചയപ്പെടലും ആവശ്യങ്ങൾക്ക് അനുസൃതമായി തയ്യാറാക്കലും | ദൈനംദിന ജീവിത സന്ദർഭങ്ങൾക്ക് ആവശ്യമായി വരുന്ന നോട്ടീസുകൾ പോസ്റ്ററുകൾ, നിവേദനം അപേക്ഷകൾ മുദ്രാഗീതങ്ങൾ തുടങ്ങിയവ തയ്യാറാക്കുക | പോസ്റ്ററുകൾ നോട്ടീസുകൾ നൽകുന്നു<br>ഡിജിറ്റൽ പോസ്റ്ററുകൾ നൽകുന്നു | പോസ്റ്ററുകൾ<br>ചാർട്ട് | പോസ്റ്റർ<br>നോട്ടീസ്<br>ഡിജിറ്റൽ പോസ്റ്റർ<br>വാർത്ത | | |

Composed By : Manoj Vallikunnam

| | | | | | | | |
|---|---|---|---|---|---|---|---|
| 3 | കളികളുടെ<br>വീഡിയോ പ്രദർശനം | കളികൾ കായിക വിനോദങ്ങൾ എന്നിവയെ വ്യത്യസ്ത രീതിയിൽ പ്രതിപാദിക്കുന്ന വിവിധ സാഹിത്യ രൂപങ്ങൾ ഉണ്ടെന്ന് മനസ്സിലാക്കുന്നു. | വീഡിയോകൾ | വീഡിയോകൾ | വീഡിയോ<br>നിർമ്മാണം | സ്വയം വിലയിരുത്തൽ<br>പരസ്പരം<br>വിലയിരുത്തൽ<br>ടീച്ചറുടെ<br>വിലയിരുത്തൽ | 40<br>മിനിറ്റ് |
| 4 | കളികളിൽ ഏർപ്പെടലും<br>അതിന്റെ<br>ദൃക്സാക്ഷി വിവരണവും | കുട്ടികളുടെ ദൃക്സാക്ഷി വിവരണങ്ങൾ ചെയ്യുന്നു കണ്ട കാര്യങ്ങളെ വ്യക്തതയോടെയും ഒരുക്കത്തോടെയും ആകർഷകമായും വാചികമായി അവതരിപ്പിക്കുന്നു | ദൃക്സാക്ഷി<br>വിവരണ<br>ഓഡിയോ<br>ക്ലിപ്പിംഗ്സ് | ദൃക്സാക്ഷി<br>വിവരണ മാതൃക | പതിപ്പ്<br>ചർച്ച<br>ദൃക്സാക്ഷി<br>വിവരണം<br>(പ്രകടനം) | പങ്കാളിത്തവും<br>പ്രകടനവും<br>സൂചകങ്ങൾ<br>രൂപപ്പെടുത്തി<br>വിലയിരുത്തുന്നു | |
| 5 | കവിതകളുടെ അവതരണം | അനുഭവങ്ങളെ വസ്തുതകൾ ഉൾക്കൊള്ളിച്ച് ലളിതമായി ആവിഷ്കരിക്കുമ്പോഴാണ് സുന്ദരമാകുന്നത് എന്ന് തിരിച്ചറിയുന്നു | കവിതകൾ<br>കേൾക്കാൻ<br>അവസരം<br>നൽകുന്നു | കവിതകളുടെ<br>ശേഖരണം | കവിത പതിപ്പ് | | |
| 6 | ഡിജിറ്റൽ പോസ്റ്ററുകൾ | ഡിജിറ്റൽ പോസ്റ്ററുകൾ തയ്യാറാക്കുന്നു | പോസ്റ്ററുകളുടെ<br>മോഡലുകൾ | പോസ്റ്ററുകൾ | പോസ്റ്റർ<br>നിർമ്മാണം<br>(ലിഖിതം) | | |

Composed By : Manoj Vallikunnam

### വിഷയം : മലയാളം

# അടിസ്ഥാനപാഠാവലി

### ക്ലാസ് 5, പാഠഭാഗം : കളിയല്ല കളി, സമയം : 40 മിനിറ്റ്

| പ്രക്രിയ | പഠന പ്രവർത്തനങ്ങൾ |
|---|---|
| കുട്ടികളോട് കളികളെപ്പറ്റി ചോദിച്ചുകൊണ്ട് ആശയത്തിലേക്ക് പ്രവേശിക്കുന്നു | വിവിധതരം കളികളുടെ പേരുകൾ അവതരിപ്പിക്കുന്നു |
| ഓരോ ഗ്രൂപ്പിനോടും ഓരോ കളികളെ പറ്റി കണ്ടെത്തി അവതരിപ്പിക്കാൻ ആവശ്യപ്പെടുന്നു | ഓരോ ഗ്രൂപ്പുകാരും ഓരോ കളികൾ അവതരിപ്പിക്കുന്നു |
| വിവിധ കളികളെ കുറിച്ചുള്ള വീഡിയോ കുട്ടികൾക്ക് നൽകി അതിൽ നിന്നും ഓരോ കളിയുടെയും പൊതുവായ പ്രത്യേകതകൾ കണ്ടെത്താൻ പറയുന്നു | ഓരോ ഗ്രൂപ്പുകാരും കണ്ടെത്തി അവതരിപ്പിക്കുന്നു |
| കളിയുമായി ബന്ധപ്പെട്ട ഒരു കവിത ടീച്ചർ ഈണത്തിൽ പാടുന്നു<br><br>**<u>തുടർ പ്രവർത്തനം</u>**<br>കളികളുമായി ബന്ധപ്പെട്ട മറ്റു കവിതകൾ കണ്ടെത്തുക കളികളെ കുറിച്ചുള്ള മനോഹരമായ പോസ്റ്റർ തയ്യാറാക്കുക | |

Composed By : Manoj Vallikunnam

## വിഷയം : മലയാളം

# അടിസ്ഥാനപാഠാവലി

## ക്ലാസ് 5, പാഠഭാഗം : റ്റോമോയിലെ കായികമേള, സമയം : 40 മിനിറ്റ്

| പ്രക്രിയ | പഠന പ്രവർത്തനങ്ങൾ |
|---|---|
| സ്കൂളിന്റെ കായികമേളയെ കുറിച്ച് ചോദിച്ചു കൊണ്ട് പാഠഭാഗത്തേക്ക് പ്രവേശിച്ചു | കായികമേളയെ കുറിച്ച് അറിവ് നേടുന്നു |
| വിവിധ കായികമേളകളെ കുറിച്ചുള്ള പത്രവാർത്ത കുട്ടികൾക്ക് നൽകുന്നു അതിനെക്കുറിച്ച് ചർച്ച ചെയ്ത് അതിലെ പ്രധാന കളികളും പ്രത്യേകതകളും കണ്ടെത്താൻ ആവശ്യപ്പെടുന്നു | കായികമേളയിലെ വിവിധ കളികളെ കുറിച്ച് വിലയിരുത്തുന്നു |
| കുട്ടികളെ മൈതാനത്തിലേക്ക് കൊണ്ടുപോയി ചില കളികൾ കളിക്കാൻ ഗ്രൂപ്പായി തിരിയാൻ ആവശ്യപ്പെടുന്നു. അതിനുശേഷം അവർക്ക് കളിക്കാൻ അവസരം നൽകുന്നു | വിവിധ കളികളിൽ ഏർപ്പെടാൻ ആവശ്യപ്പെടുന്നു |
| കളികളിൽ ഏർപ്പെട്ടത് വഴി ലഭിച്ച നേട്ടങ്ങൾ പട്ടികപ്പെടുത്താൻ ആവശ്യപ്പെടുന്നു | കളികളിലൂടെയുള്ള നേട്ടങ്ങൾ കുട്ടികൾ പട്ടികപ്പെടുത്തുന്നു |
| **തുടർ പ്രവർത്തനം**<br>കായികമേളയുടെ ചിത്രങ്ങൾ ശേഖരിച്ച് കൊളാഷ് നിർമിക്കുക നമ്മുടെ സ്കൂൾ സംഘടിപ്പിക്കുന്ന കായികമേളയെ കുറിച്ച് ഒരു പോസ്റ്റർ നിർമ്മിക്കുക | |

Composed By : Manoj Vallikunnam

## വിഷയം : മലയാളം

# അടിസ്ഥാനപാഠാവലി

### ക്ലാസ് 5, പാഠഭാഗം : പന്ത് കളിക്കാൻ ഒരു പെൺകുട്ടി, സമയം : 40 മിനിറ്റ്

| പ്രക്രിയ | പഠന പ്രവർത്തനങ്ങൾ |
| --- | --- |
| ലോകകപ്പ് ഫുട്ബോളിനെ കുറിച്ച് പറഞ്ഞുകൊണ്ട് ക്ലാസുകൾ അവതരിപ്പിക്കുന്നു ഫുട്ബോളിലെ ടീമുകളെ കണ്ടെത്താൻ ആവശ്യപ്പെടുന്നു<br><br>ഫുട്ബോൾ കളിയുടെ പ്രത്യേകതകൾ ചർച്ച ചെയ്തു കണ്ടെത്താൻ പറയുന്നു<br><br>ഫുട്ബോൾ കളിക്കാൻ താല്പര്യമുള്ളവർ ആരൊക്കെയാണ്. ഫുട്ബോൾ കളിയുടെ വീഡിയോകൾ കാണിക്കുന്നു.<br><br>ക്ലാസിൽ നിന്ന് ഫുട്ബോൾ കളിക്കാൻ താല്പര്യമുള്ളവരുടെ ഗ്രൂപ്പുകൾ തിരിക്കുന്നു.<br><br>**തുടർ പ്രവർത്തനം**<br>ഇന്ത്യൻ വനിത ഫുട്ബോൾ ടീമിലെ കളിക്കാരുടെ പേരുകൾ കണ്ടെത്താൻ ആവശ്യപ്പെടുന്നു | ടീമുകളെ കണ്ടെത്തുന്നു<br><br>പ്രത്യേകതകൾ കണ്ടെത്തുന്നു<br><br>കുട്ടികൾ വീഡിയോകൾ കണ്ട് ഫുട്ബോളിനെ കുറിച്ച് കൂടുതൽ അറിയുന്നു<br><br>ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും ഫുട്ബോൾ കളിക്കാം എന്ന ധാരണയിൽ എത്തുന്നു |

Composed By : Manoj Vallikunnam